REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 14-02-2026 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **അനവധി തടസ്സങ്ങൾക്കിടയിലും അഭൂതപൂർവമായ വികസനം ഇന്ത്യയ്ക്ക് ഈ ദശകത്തിൽ നേടാനായെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.**
- **ഇന്ത്യ-AI ഇംപാക്ട് ഉച്ചകോടിയിൽ പങ്കെടുക്കാൻ നിരവധി ലോക നേതാക്കൾ. ഈ മാസം 16 മുതൽ 20 വരെ ന്യൂഡൽഹിയിലാണ് ഉച്ചകോടി.**
- **കൊല്ലം റെയിൽവേ സ്റ്റേഷനിലെ ബഹുനില കാർ പാർക്കിങ് കേന്ദ്രം വൈകിട്ട് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി ഉദ്ഘാടനം ചെയ്യും.**
- **സംസ്ഥാനത്ത് തീവ്ര വോട്ടർ പട്ടിക പരിഷ്ക്കരണത്തിലെ ഹിയറിംഗ് ഇന്ന് അവസാനിക്കും. 122 മണ്ഡലങ്ങളിൽ ഹിയറിങ്ങ് പൂർത്തിയായതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ U ഖേൽക്കർ.**
- **ISL ഫുട്ബോൾ പന്ത്രണ്ടാം സീസൺ മത്സരങ്ങൾക്ക് ഇന്ന് തുടക്കമാകും.**

## വാർത്തകൾ വിശദമായി

നിരവധി തടസ്സങ്ങൾക്കിടയിലും അഭൂതപൂർവമായ വികസനം ഇന്ത്യയ്ക്ക് ഈ ദശകത്തിൽ നേടാനായെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. ജനാധിപത്യത്തെ ശക്തിപ്പെടുത്താനും വിതരണ രംഗത്തെ കരുത്തുറ്റതാക്കാനും രാജ്യത്തിന് സാധ്യമായി. 21-ാം നൂറ്റാണ്ടിന്റെ ഈ ദശകം പരിവർത്തനത്തിന്റെ അതിവേഗ സഞ്ചാരത്തിലാണ് ഇന്ത്യ. കഴിഞ്ഞ ദശകത്തിന്റെ തുടക്കത്തിൽ ലോകത്തെ 11ാമത് സാമ്പത്തിക ശക്തിയായിരുന്ന രാജ്യം ഇപ്പോൾ മൂന്നാം സ്ഥാനത്തേക്ക്

കുതിക്കുകയാണെന്ന് പ്രധാനമന്ത്രി വ്യക്തമാക്കി. ന്യൂഡൽഹിയിൽ ET NOW ഗ്ലോബൽ ബിസിനസ് ഉച്ചകോടിയിൽ സംസാരിക്കുകയായിരുന്നു പ്രധാനമന്ത്രി.

ഡെസ്ക് റിപ്പോർട്ട്......

......വോയ്സ്....

ബജറ്റിനെ ചെലവുകൾക്ക് പ്രാധാന്യം നൽകുന്ന രേഖ എന്നതിലുപരി ഫല കേന്ദ്രീകൃതമാക്കി മാറ്റാൻ ഗവൺമെന്റിന് കഴിഞ്ഞെന്ന് പ്രധാനമന്ത്രി പറഞ്ഞു. പുതു തലമുറ GST, ആസൂത്രണ കമ്മീഷന് പകരം നിതി ആയോഗ് രൂപീകരണം, ഭരണഘടനയുടെ 370-ാം വകുപ്പ് എടുത്തു കളഞ്ഞ നടപടി, മുത്തലാഖിനെതിരായ നിയമനിർമ്മാണം, നാരീശക്തി വന്ദൻ അധിനിയം നിയമം എന്നീ പരിഷ്കരണങ്ങൾ പ്രധാനമന്ത്രി ഓർമ്മിപ്പിച്ചു.

കഴിഞ്ഞ വർഷം മാത്രം കപ്പൽ നിർമ്മാണ മേഖലയിലെ സംരംഭങ്ങളും, ജൻവിശ്വാസ് ആക്ടും, തൊഴിൽ നിയമ പരിഷ്കരണവും, ഊർജ്ജ സുരക്ഷയ്ക്കായി കൊണ്ടുവന്ന ശാന്തി ആക്ടും പ്രധാനമന്ത്രി എടുത്തു പറഞ്ഞു. ഭാരതീയ ന്യായ സംഹിത, വഖഫ് ആക്ട്, വികസിത് ഭാരത് G-RAM-G നിയമം എന്നിവയെല്ലാം പരിഷ്കരണങ്ങൾക്ക് ഉദാഹരണമാണെന്ന് അദ്ദേഹം വിശദീകരിച്ചു. സാങ്കേതിക വിദ്യയും കണ്ടുപിടുത്തങ്ങളും വളർച്ചയെ മുന്നോട്ട് കൊണ്ടുപോകുമെന്ന് ഗവൺമെന്റ് തെളിയിച്ചതായും അദ്ദേഹം പറഞ്ഞു. ഇന്ത്യയുടെ UPI ഡിജിറ്റൽ പെയ്മെന്റ് സമ്പ്രദായത്തിന് ലോക സ്വീകാര്യത ലഭിച്ചു കഴിഞ്ഞു. ഡിജിറ്റൽ ഇന്ത്യ , ഡിജിറ്റൽ പെയ്മെന്റ്, ജൻ ധൻ ആധാർ മൊബൈൽ എന്നിവ സമ്മർദത്തിന്റെ പേരിലല്ല മറിച്ച് തികഞ്ഞ ബോധ്യത്തിന്റെ അടിസ്ഥാനത്തിലാണ് ആവിഷ്കരിച്ചതെന്നും പ്രധാനമന്ത്രി പറഞ്ഞു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് അസമിൽ 5,450 കോടി രൂപയുടെ വികസനപ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്യും. ദിബ്രുഗഡിലെ മോറൻ ബൈപ്പാസിൽ നിർമ്മിച്ച അടിയന്തിര ലാൻഡിംഗ് ട്രാക്കിൽ രാവിലെ വിമാനമിറങ്ങുന്ന പ്രധാനമന്ത്രി യുദ്ധവിമാനങ്ങളുടെയും ഹെലികോപ്റ്ററുകളുടെയും പ്രകടനം വീക്ഷിക്കും. ഹരിയാനയിലെ PM E- ബസ് സേവ സ്കീം പ്രധാനമന്ത്രി വെർച്വലായി ഉദ്ഘാടനം ചെയ്യും.

✪✪✪

ഇന്ത്യ-AI ഇംപാക്ട് ഉച്ചകോടി 2026- ൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ക്ഷണപ്രകാരം നിരവധി ലോക നേതാക്കൾ പങ്കെടുക്കും. ഈ മാസം 16 മുതൽ 20 വരെ ന്യൂഡൽഹിയിലാണ് ഉച്ചകോടി. ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ

മാക്രോൺ, ബ്രസീൽ പ്രസിഡന്റ് ലൂയിസ് ഇനാസിയോ ലുല ഡ സിൽവ, ഗ്രീക്ക് പ്രധാനമന്ത്രി കിറിയാക്കോസ് മിറ്റ്സോ-ടാകിസ്, നെതർലൻഡ്സ് പ്രധാനമന്ത്രി ഡിക്ക് ഷൂഫ്, ശ്രീലങ്കൻ പ്രസിഡന്റ് അനുര കുമാര ദിസനായകെ, ഭൂട്ടാൻ പ്രധാനമന്ത്രി ഷെറിംഗ് ടോബ്ഗേ, മൗറീഷ്യസ് പ്രധാനമന്ത്രി നവിൻചന്ദ്ര രാംഗൂലം എന്നിവരടക്കം 45 രാജ്യങ്ങളിലെ നേതാക്കൾ ഉച്ചകോടിയിൽ പങ്കെടുക്കുമെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

'ജനങ്ങൾ, ഗ്രഹം, പുരോഗതി' എന്നീ മൂന്ന് ആശയങ്ങളെ അടിസ്ഥാനമാക്കിയ ഇന്ത്യ-AI ഇംപാക്ട് ഉച്ചകോടി, നിർമിത ബുദ്ധിയിലെ ആഗോള സഹകരണം എന്ന ഇന്ത്യയുടെ സമീപനത്തെ അടിസ്ഥാനമാക്കിയാണ്. നിർമ്മിത ബുദ്ധിയുടെ ഭാവിയും പുരോഗതിയും ഉച്ചകോടിയിൽ ചർച്ച ചെയ്യും.

✪✪✪

കൊല്ലം റെയിൽവേ സ്റ്റേഷനിലെ പുതിയ ബഹുനില കാർ പാർക്കിങ് കേന്ദ്രം വൈകിട്ട് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി ഉദ്ഘാടനം ചെയ്യും. 30 കോടിയോളം രൂപ ചിലവിൽ അമൃത് ഭാരത് സ്റ്റേഷൻ പദ്ധതി പ്രകാരം അഞ്ച് നിലകളിലായി നിർമിച്ച കെട്ടിടത്തിൽ 200-ലധികം ഇരുചക്ര വാഹനങ്ങളും, 130 ലധികം നാലുചക്ര വാഹനങ്ങളും പാർക്ക് ചെയ്യാൻ സൗകര്യമുണ്ട്.

✪✪✪

തീവ്ര വോട്ടർ പട്ടിക പരിഷ്ക്കരണത്തിൽ സംസ്ഥാനത്തെ 122 നിയോജകമണ്ഡലങ്ങളിൽ നോട്ടീസ് നൽകിയവരുടെ ഹിയറിങ്ങ് പൂർത്തിയായതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ U ഖേൽക്കർ അറിയിച്ചു. ശേഷിക്കുന്ന നിയോജകമണ്ഡലങ്ങളിൽ വോട്ടർപട്ടിക പരിഷ്കരണ നടപടികൾ അതിവേഗം പൂർത്തിയാക്കാൻ നിർദേശം നൽകിയതായും CEO പറഞ്ഞു.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

.........വോയ്സ്.......

നോട്ടിസ് നൽകിയ എല്ലാവരെയും കൃത്യമായി ഹിയറിങ്ങ് നടത്തി ഒരു വോട്ടറുടെ പോലും അവകാശം നിഷേധിക്കാത്ത തരിത്തിലാണ് വോട്ടർ പട്ടിക പരിഷ്ക്കരണമെന്ന് അദ്ദേഹം ആവർത്തിച്ചു. സംസ്ഥാനത്തൊട്ടാകെ ഹിയറിംഗിലൂടെ 39,297പേർ വോട്ടർപ്പട്ടികയിൽ നിന്ന് പുറത്തായിട്ടുണ്ട്. ഇതിൽ 4,217പേർ എന്യൂമറേഷൻ കാലഘട്ടത്തിൽ മരിച്ചവരും, 1,630പേർ വിദേശത്ത് കഴിയുന്നവരും, 33,450 പേർ താമസം മാറിയവരുമാണെന്നും കമ്മീഷൻ കണ്ടെത്തി. ഹിയറിങ് ഇന്ന് അവസാനിക്കും. സംസ്ഥാനത്തെ അന്തിമ വോട്ടർ പട്ടിക ഈ മാസം 21ന് പ്രസിദ്ധീകരിക്കും.

വോട്ടർമാരിൽ വോട്ടിംഗ് യന്ത്രങ്ങളെ പറ്റി അവബോധം വളർത്തുന്ന "വോട്ട് വണ്ടി " കനകകുന്നിൽ ഡോ. കേൽക്കർ ഫ്ലാഗ് ഓഫ് ചെയ്തു.

✪✪✪

തിരുവനന്തപുരം കഴക്കൂട്ടത്ത് ആധുനിക സൗകര്യങ്ങളോട് കൂടിയ ശബരിമല ഇടത്താവളം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. ശബരിമല തീർത്ഥാടകർക്ക് യാത്രയ്ക്കിടെ വിശ്രമ സൗകര്യങ്ങൾ ഒരുക്കുന്ന സംസ്ഥാന ഗവൺമെന്റിന്റെ പദ്ധതിയുടെ ഭാഗമായാണ് കഴക്കൂട്ടം ശ്രീ മഹാദേവ ക്ഷേത്രത്തിൽ ആധുനിക സൗകര്യങ്ങളോട് കൂടിയ ഇടത്താവളം നിർമ്മിച്ചത്.

ഇത്തരം പന്ത്രണ്ട് ഇടത്താവളങ്ങൾ കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ നിർമിക്കാനാണ് ഗവൺമെന്റ് ലക്ഷ്യമിട്ടിരിക്കുന്നതെന്ന് മുഖ്യമന്ത്രി അറിയിച്ചു. നിലവിൽ ആറ് ഇടത്താവളങ്ങളുടെ നിർമാണം പുരോഗമിച്ചുവരികായാണ്. കഴക്കൂട്ടത്ത് പത്തുകോടി രൂപ ചെലവിൽ നിർമ്മിച്ച ഇടത്താവളത്തിൽ 300 പേർക്ക് ഒരേസമയം ഭക്ഷണം കഴിക്കാനും 100 പേർക്ക് താമസിക്കാനും സൗകര്യമുണ്ട്.

✪✪✪

പ്രതിപക്ഷ നേതാവ് VD സതീശൻ നയിക്കുന്ന പുതുയുഗ യാത്ര ഇന്നും മലപ്പുറം ജില്ലയിൽ പര്യടനം നടത്തും. ഇന്നലെ കൊണ്ടോട്ടി, അരീക്കോട്, നിലമ്പൂർ, വണ്ടൂർ പെരിന്തൽമണ്ണ എന്നിവിടങ്ങളിലെ സ്വീകരണത്തിനുശേഷം യാത്ര മലപ്പുറത്ത് സമാപിച്ചു.

✪✪✪

വർഗീയത ഉപയോഗിച്ച് കേരളത്തിൽ സീറ്റ് വർധിപ്പിക്കാൻ UDF ശ്രമിച്ചാൽ ദൂരവ്യാപക പ്രശ്നങ്ങളുണ്ടാകുമെന്ന് CPIM സംസ്ഥാന സെക്രട്ടറി MV ഗോവിന്ദൻ പറഞ്ഞു. മനുഷ്യനെ മനുഷ്യനായി പരിഗണിക്കാത്ത കേരളത്തിന്റെ ഭൂതകാലം, ഇടതുഗവൺമെന്റ് തിരുത്തി. സ്ത്രീ സുരക്ഷാ പദ്ധതിയിലൂടെ 1,000 രൂപ സഹായം അർഹരിൽ എത്തിക്കുമെന്നും അദ്ദേഹം മലപ്പുറത്ത് പറഞ്ഞു. MV ഗോവിന്ദൻ നയിക്കുന്ന വടക്കൻ മേഖല വികസന മുന്നേറ്റ ജാഥ രാവിലെ എടപ്പാളിലെ സ്വീകരണത്തിനുശേഷം പാലക്കാട് ജില്ലയിൽ പ്രവേശിക്കും.

✪✪✪

ഫറോക്ക് മിനി സിവിൽ സ്റ്റേഷൻ വൈകിട്ട് മന്ത്രി KN ബാലഗോപാൽ നാടിന് സമർപ്പിക്കും. വാണിജ്യ നികുതി വകുപ്പിന് കീഴിലുണ്ടായിരുന്ന ഫറോക്ക് ചുങ്കത്തെ പഴയ ചെക്ക് പോസ്റ്റിന്റെ 23 സെന്റ് സ്ഥലത്താണ് 10 കോടി രൂപ ചെലവിൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മിച്ചത്. ആറ് ഓഫീസുകൾ പുതിയ മിനി സിവിൽ സ്റ്റേഷനിലേക്ക് പ്രവർത്തനം മാറ്റിയിട്ടുണ്ട്.

✪✪✪

114 - മത് അയിരൂർ - ചെറുകോൽപ്പുഴ ഹിന്ദുമത പരിഷത്തിനു പമ്പാതീരത്തെ വിദ്യാധിരാജ നഗറിൽ നാളെ തുടക്കമാകും. ഉച്ചകഴിഞ്ഞ് തിരുനാവായ മഹാമാഘ മഹോത്സവ പരാമാചര്യൻ മഹാമണ്ഡലേശ്വർ സ്വാമി ആനന്ദവനം ഭാരതി മഹാരാജ് ഹിന്ദുമത പരിഷത്ത് ഉദ്ഘാടനം ചെയ്യും. വാഴൂർ മഠധിപതി ശ്രീമദ് പ്രജ്ഞാനാനന്ദ തീർത്ഥപാദർ അനുഗ്രഹ പ്രഭാഷണം നടത്തും.

✪✪✪

കാഴ്ചാ പരിമിതരുടെ വിഭാഗത്തിൽ, കേരളത്തിലെ ആദ്യ ന്യായാധിപയായി ചുമതലയേൽക്കാൻ ഒരുങ്ങുകയാണ് കണ്ണൂർ മാങ്ങാട് സ്വദേശിനി തന്യാ നാഥൻ. സിവിൽ ജഡ്ജി പരീക്ഷയിൽ ഒന്നാം റാങ്കോടെയാണ് തന്യ നാഥൻ തെരഞ്ഞെടുക്കപ്പെട്ടത്.

കണ്ണൂരിൽ നിന്ന് കെ.ഒ.ശശിധരൻ....

...........വോയ്സ്..........

കാഴ്ചയില്ലാത്തവർക്ക് ജുഡീഷ്യൽ സർവീസിൽ അവസരം നൽകുന്നതിൽ വിവേചനം ഉണ്ടാകരുതെന്ന സുപ്രീംകോടതിയുടെ കഴിഞ്ഞവർഷത്തെ വിധിയാണ് തന്യയുടെ ജീവിതത്തിലെ വഴിത്തിരിവായത്. പഠനം മുഴുവൻ ബ്രെയിലി ലിപിയിലൂടെയായിരുന്നു. തളിപ്പറമ്പിൽ പ്രാക്ടീസ് ചെയ്യുവരുന്ന തന്യ നിയമന ഉത്തരവിനായി കാത്തിരിക്കുകയാണ് .

തന്യാ നാഥൻ ആകാശവാണിയോട്..

BYTE

✪✪✪

കഴിഞ്ഞ വർഷത്തെ മികച്ച ജില്ലാ ജാഗ്രത സമിതിയായി വനിതാ കമ്മീഷൻ കാസർകോട്ടിനെ തെരഞ്ഞെടുത്തു. സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്കും ക്ഷേമത്തിനുമായി നടത്തിയ മാതൃകാപരമായ പ്രവർത്തനങ്ങളും ഇടപെടലുകളുമാണ് സമിതിയെ പുരസ്കാരത്തിന് അർഹമാക്കിയത്. മൂന്നാം തവണയാണ് കാസർകോട് ജില്ലാ പഞ്ചായത്തിന് ഈ പുരസ്കാരം ലഭിക്കുന്നത്.

✪✪✪

ISL ഫുട്ബോൾ പന്ത്രണ്ടാം സീസൺ മത്സരങ്ങൾക്ക് ഇന്ന് തുടക്കമാകും. ആദ്യ മത്സരത്തിൽ കേരള ബ്ലാസ്റ്റേഴ്സും നിലവിൽ ജേതാക്കളായ മോഹൻബഗാൻ സൂപ്പർ ജയന്റും ഏറ്റുമുട്ടും. വൈകീട്ട് അഞ്ചിന് കൊൽക്കത്ത സാൾട്ട് ലേക്ക്

സ്റ്റേഡിയത്തിലാണ് മത്സരം. തുടർന്ന് 7.30ന് FC ഗോവയും, ഇന്റർ കാശിയും തമ്മിലാണ് രണ്ടാം മത്സരം.

സ്പോൺസർമാരില്ലാത്തതിനാൽ അഖിലേന്ത്യാ ഫുട്ബോൾ ഫെഡറേഷൻ നേരിട്ടാണ് ഇത്തവണ ലീഗ് നടത്തുന്നത്. ആകെ 14 ടീമുകൾ ഇത്തവണത്തെ ISLൽ മത്സരിക്കും.

✪✪✪

ICC ട്വന്റി 20 ലോകകപ്പ്  ക്രിക്കറ്റിൽ അമേരിക്ക നെതർലെന്റ്സിനെ 93 റൺസിന് തോല്പിച്ചു. ചെന്നൈ MA ചിദംബരം സ്റ്റേഡിയത്തിലെ ഗ്രൂപ്പ് A മത്സരത്തിൽ ആറ് വിക്കറ്റിന് 196 റൺസെടുത്ത USA യ്ക്കെതിരെ 16 ഓവറിൽ  103 റൺസിന് നെതർലെന്റ്സ് പുറത്തായി.  ഇന്നലത്തെ മത്സരങ്ങളിൽ UAE , കാനഡയെ അഞ്ച് വിക്കറ്റിന് തോല്പിച്ചപ്പോൾ, സിംബാബ്‌വെ ഓസ്ട്രേലിയയെ 23  റൺസിന് അട്ടിമറിച്ചു. ഇന്ന് കൊളംബോയിൽ രാവിലെ 11ന് അയർലന്റ്, ഒമാനെയും, കൊൽക്കത്തയിൽ ഉച്ച കഴിഞ്ഞ് മൂന്നിന് ഇംഗ്ലണ്ട്, സ്കോട്ട്ലന്റിനെയും നേരിടും. മൂന്നാം മത്സരത്തിൽ അഹമ്മദാബാദിൽ വൈകിട്ട് ഏഴിന് ന്യൂസിലാന്റും ദക്ഷിണാഫ്രിക്കയും തമ്മിലാണ് മത്സരം.

✪✪✪

കൊച്ചി മെട്രോയുടെ സർവ്വീസ് സമയം നാളെ മുതൽ രാത്രി 11 വരെ ദീർഘിപ്പിച്ചു. യാത്രക്കാരുടെ എണ്ണത്തിലെ വർദ്ധനയും ഉയർന്നുവരുന്ന യാത്രാവശ്യവും പരിഗണിച്ചാണ് തീരുമാനം.

✪✪✪

സംസ്ഥാന ന്യുനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ വായ്പാ കുടിശ്ശിക നിവാരണത്തിന്  ഒറ്റത്തവണ തീർപ്പാക്കൽ അദാലത്ത് ഇന്ന് കോഴിക്കോട്ട് സംഘടിപ്പിക്കും.  കോഴിക്കോട്, വയനാട് മേഖല ഓഫീസുകളുടെ പരിധിയിൽ നിന്ന് വായ്പ എടുത്ത് തിരിച്ചടവ്  മുടക്കിയവർക്കു വേണ്ടിയാണ് അദാലത്ത്. കിഴക്കേ നടക്കാവിലെ  അദാലത്ത് രാവിലെ  മന്ത്രി V അബ്ദുറഹിമാൻ ഉദ്ഘാടനം ചെയ്യും.

✪✪✪

*News Editor & News Reader: അനിൽ ചന്ദ്രൻ*
*NRTS :, സിയാബ് , മണികണ്ഠൻ*
*DEO: സി കെ സുബോധ്*